**കണ്ണൂർ സർവ്വകലാശാല**

**(സംഗ്രഹം)**

ജീവനക്കാര്യം - കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സർവ്വകലാശാലാ ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച തുടർമാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

---

**ഭരണവിഭാഗം**

എഡി എ/എഡി എ3/8060/2021 തീയതി: 09.06.2021

---

പരാമർശം:-1. 22-04-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്

2. 03-05-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്.

3. 04.05.2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്.

4. 19.05.2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ സർക്കുലർ.

5. 03-06-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്.

6. 03-06-2021 ലെ G.O. (Rt) No.452/2021/DMD നമ്പർ കേരള സർക്കാർ ഉത്തരവ്.

7. 03-06-2021 ലെ G.O. (Rt) No.455/2021/DMD നമ്പർ കേരള സർക്കാർ ഉത്തരവ്.

8. 07-06-2021 ലെ G.O. (Rt) No.459/2021/DMD നമ്പർ കേരള സർക്കാർ ഉത്തരവ്.

**ഉത്തരവ്**

1. കോവിഡ്-19 അതി തീവ്രവ്യാപനം തടയുന്നതിൻറെ ഭാഗമായി സർവ്വകലാശാല ബ്രാഞ്ച്/ഓഫീസ്/ വകുപ്പുകളിൽ ജീവനക്കാർ ഹാജരാകുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദേശങ്ങൾ പരാമർശം (1), (2), (3), (4), (5) എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.
2. സർവ്വകലാശാലാ ഓഫീസുകൾ 07-06-2021 മുതൽ റൊട്ടേഷൻ അടിസ്ഥാനത്തിൽ 50% ഹാജരോട് കൂടി പ്രവർത്തിക്കണമെന്ന നിർദ്ദേശം പരാമർശം (5) പ്രകാരം നൽകിയിട്ടുണ്ട്.
3. ഭിന്നശേഷിക്കാർ, ഗുരുതര രോഗബാധിതർ, ഓട്ടിസം, സെറിബ്രൽ പാൾസി, മറ്റ് മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ രക്ഷിതാക്കൾ, ഗർഭിണികൾ, അവയവ മാറ്റ ശസ്ത്രക്രിയക്ക് വിധേയരായവാൻ പോകുന്നവർ/ വിധേയമായവർ (ഹൃദയ വാൽവ് മാറ്റി വയ്ക്കപ്പെട്ടവർ ഉൾപ്പെടെ), ഒരു മാസത്തിന് മുമ്പ് ഗുരുതരമായ ശസ്ത്രക്രിയയ്ക്ക് വിധേയരായിട്ടുള്ളവരും വിധേയരാകാൻ പോകുന്നവരുമായ രോഗികൾക്ക് ശസ്ത്രക്രിയ കഴിഞ്ഞ് പരമാവധി ഒരു മാസത്തേയ്ക്കും , ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്ന ജീവനക്കാരെയും ഓഫീസിൽ ഹാജരാകുന്നതിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്ന് പരാമർശം (6) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
4. 50% ഹാജരോട് കൂടി ഓഫീസുകൾ തുറന്ന് പ്രവർത്തിക്കേണ്ട ദിവസം 07-06-2021 ൽ നിന്നും 10-06-2021 ലേയ്ക്ക് മാറ്റി പരാമർശം ( 7) പ്രകാരവും 10-06-2021 ൽ നിന്നും 17-06-2021 ലേയ്ക്ക് മാറ്റി പരാമർശം (8) പ്രകാരവും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
5. മേൽ വിഷയം പരിഗണിച്ച്, വൈസ് ചാൻസലർ നൽകിയ ഉത്തരവ് പ്രകാരം, സർവ്വകലാശാല ജീവനക്കാർ ഓഫീസിൽ ഹാജരാകുന്നതുമായി ബന്ധപ്പെട്ട് താഴെ ചേർത്ത മാർഗ്ഗനിർദ്ദേശങ്ങൾ പ്രാബല്യത്തിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

   i. അടിയന്തിര ഓഫീസ് ജോലികൾ പൂർത്തിയാക്കുന്നതിന് ആവശ്യമായ സർവ്വകലാശാല ജീവനക്കാരും അധ്യാപകരും ബന്ധപ്പെട്ട ബ്രാഞ്ച്/ഓഫീസ്/വകുപ്പ് കാര്യാലയങ്ങളിൽ ഹാജരാക്കേണ്ടതാണ്. ഇതിലേക്കായി 16.06.2021 വരെ ജീവനക്കാരുടെ ഹാജർ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ബ്രാഞ്ച്/ഓഫീസ്/ വകുപ്പ് മേധാവികൾ സ്വീകരിക്കേണ്ടതാണ്.

   ii. 17.06.2021 മുതൽ സർവ്വകലാശാലാ ഓഫീസുകൾ റോട്ടേഷൻ അടിസ്ഥാനത്തിൽ 50% ഹാജരോട് കൂടി പ്രവർത്തിക്കുന്നതാണ്. ഇതിലേയ്ക്കായി ഓരോ ബ്രാഞ്ച്/ഓഫീസ്/ വകുപ്പുകളിലും അനുവദിച്ചിട്ടുള്ള ഓരോ കാറ്റഗറിയിലെയും ജീവനക്കാരെ/അദ്ധ്യാപകരെ 50%

കണക്കാക്കി രണ്ട് യൂണിറ്റുകളായി തിരിക്കേണ്ടതാണ്. ഓരോ യൂണിറ്റിലും വരുന്ന ജീവനക്കാർ ഒന്നിടവിട്ട ദിവസങ്ങളിൽ ഓഫീസിൽ ഹാജരാകേണ്ടതാണ്.

iii. ഭിന്നശേഷിക്കാർ, ഗുരുതര രോഗബാധിതർ, ഓട്ടിസം, സെറിബ്രൽ പാൾസി, മറ്റ് മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ രക്ഷിതാക്കൾ, ഗർഭിണികൾ, അവയവ മാറ്റ ശസ്ത്രക്രിയക്ക് വിധേയരായവാൻ പോകുന്നവർ/ വിധേയമായവർ (ഹൃദയ വാൽവ് മാറ്റി വച്ചുപ്പെട്ടവർ ഉൾപ്പെടെ), ഒരു മാസത്തിന് മുമ്പ് ഗുരുതരമായ ശസ്ത്രക്രിയയ്ക്ക് വിധേയരായിട്ടുള്ളവരും വിധേയരാകാൻ പോകുന്നവരുമായ രോഗികൾ , ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്ന ജീവനക്കാർ എന്നിവരെ വ്യക്തിഗത അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഓഫീസിൽ നേരിട്ട് ഹാജരാകുന്നതിൽ നിന്നും ഒഴിവാക്കുന്നത് പരിഗണിക്കുന്നതാണ്.

iv. ഓഫീസിൽ ഹാജരാകുന്നതിൽ നിന്നും ഇളവ് അനുവദിക്കപ്പെടുന്ന ജീവനക്കാർ വർക്ക് ഫ്രം ഹോം ആയി ജോലി ചെയ്യേണ്ടതാണ്.

v. സർക്കാർ യഥാസമയങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അനുസരിച്ച് മേൽ മാർഗ്ഗനിർദ്ദേശങ്ങളിൽ മാറ്റം വരുത്തുന്നതാണ്.

6. പരാമർശം (5) ലെ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനില്ക്കുന്നതാണ്
7. ഉത്തരവുകൾ യഥാവിധി പുറപ്പെടുവിച്ചിരിക്കുന്നു

*ഒപ്പ്/-*

SAJEEVAN M

**അസിസ്റ്റന്റ് റെജിസ്ട്രാർ ( ഭരണ വിഭാഗം )**

രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:എല്ലാ ബ്രാഞ്ച്/ വകുപ്പ്/ ഓഫീസ് മേധാവികൾക്കും

പകർപ്പ്: PS to VC, PA to PVC/R/CE/FO, JD KSAD

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ